തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. സംസ്ഥാന സർക്കാർ മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിച്ചു കഴിഞ്ഞു. 2004 സെപ്റ്റംബർ മുതൽ 2005 സെപ്റ്റംബർ വരെയാണ് കമ്മീഷന്റെ പ്രവർത്തന കാലയളവ്.

(ബി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ സ്ഥിതി വിലയിരുത്തി, വിഭവ സമാഹരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള വിഭവ കൈമാറ്റവും സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും ശുപാർശകൾ സമർപ്പിക്കുകയെന്നതാണ് മൂന്നാം ധനകാര്യ കമ്മീഷന്റെ ഉത്തരവാദിത്തം.

(സി ആന്റ് ഡി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഗുണഫലങ്ങൾ സ്ഥായിയാക്കുന്നതിലും പ്രശ്നങ്ങളും പോരായ്മകളും പരിഹരിക്കുകയെന്നതിലുമാണ് ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. നിലവിലുള്ള സംവിധാനം വ്യവസ്ഥാപിതമാക്കിയതിനുശേഷം കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പത്താം പഞ്ചവത്സര പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതം

*7 [515] ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താംപഞ്ചവത്സര പദ്ധതിയിലേക്ക് കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ഇതുവരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പത്താംപഞ്ചവത്സര പദ്ധതിയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹായകരമായ എന്തെങ്കിലും സ്പെഷ്യൽ പ്രോഗ്രാം നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതുതായി തൊഴിലവസരങ്ങൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഇനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പത്താംപഞ്ചവത്സര പദ്ധതിയിലേക്ക് ഓരോ വർഷവും കേന്ദ്ര വിഹിതമായി ലഭിച്ച തുക ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക

(രൂപകോടിയിൽ)

വർഷം	കേന്ദ്രവിഹിതം		
	സാധാരണ കേന്ദ്ര വിഹിതം	വിദേശ സഹായമുള്ള പദ്ധതികൾക്കുള്ള കേന്ദ്രസഹായം	മറ്റുള്ളവ
2002-03	498.07	730.10	201.96
2003-04	462.85	175.26	327.84
2004-05 (4-3-2005 വരെ)	487.04	240.70	270.51

(ബി ആന്റ് സി) പത്താം പഞ്ചവത്സര പദ്ധതിയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മാത്രമായി സ്പെഷ്യൽ പ്രോഗ്രാം ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കൃഷിയും അനുബന്ധമേഖലകളും പരമ്പരാഗതവ്യവസായം, വിനോദസഞ്ചാരം, ഇൻഫർമേഷൻ ടെക്നോളജി, വിദ്യാഭ്യാസം, ആരോഗ്യം എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അനേകം പദ്ധതി/പരിപാടികൾ പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്നവയാണ്. കുടുംബശ്രീ മുഖേനയുള്ള മൈക്രോ സംരംഭങ്ങൾവഴി നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും വനിതകൾക്ക് പത്താം പദ്ധതിയിൽ സ്ഥിരമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ കുടുംബശ്രീയിൽ ഉൾപ്പെടുത്തി 50,000 അഭ്യസ്ത വിദ്യർക്കായുള്ള സ്വയംതൊഴിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി പ്രാരംഭ ദശയിലാണ്. ഈ കാലയളവിൽ ചെറുകിട വ്യവസായ മേഖലയിൽ ഏകദേശം 86000 പേർക്കും, കിൻഫ്രാ പാർക്കുകൾ വഴി ഏകദേശം 12500 പേർക്കും, വിവര സാങ്കേതിക വിദ്യാരംഗത്ത് ഏകദേശം 19200 പേർക്കും, വിദ്യാഭ്യാസ മേഖലയിൽ ഏകദേശം 15872 പേർക്കും ആരോഗ്യമേഖലയിൽ ഏകദേശം 7940 പേർക്കും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത വ്യവസായ മേഖലയിൽ കയർ (3.75 ലക്ഷം), കൈത്തറി (1.75 ലക്ഷം), കരകൗശലം (1 ലക്ഷം), കശുവണ്ടി (2.10 ലക്ഷം), ഈറ്റ വ്യവസായം (1 ലക്ഷം), ഖാദിഗ്രാമ വ്യവസായം (1.72 ലക്ഷം), ബീഡി (0.25 ലക്ഷം), പേർക്കും തൊഴിൽ നൽകുന്നുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ മുഖേന സംസ്ഥാനത്തെ 58 നഗരസഭകളിൽ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി തൊഴിൽദാന പദ്ധതി അനുസരിച്ച് 2002-03 മുതൽ നാളിതുവരെ

LIBRARY ARCHIVES Kerala Legislative Assembly

2523 സ്വയം തൊഴിൽ സംരംഭങ്ങളും സ്ത്രീകളുടെ 476 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ച് ദാരിദ്ര്യരേഖക്ക് താഴെയുള്ള 7283 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ 27477 വനിതകൾക്കും ഗ്രാമപ്രദേശങ്ങളിലെ 207279 വനിതകൾക്കും 'കുടുംബശ്രീ' മുഖേനയുള്ള മൈക്രോ സംരംഭങ്ങളിലൂടെ സ്ഥിരമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 30 മുതൽ 40 ശതമാനം വരെ നീക്കിവയ്ക്കുന്ന വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെയും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) തൊഴിൽദായകപ്രദമായ പ്രധാന മേഖലകളിൽ 2002-03, 2003-04, 2004-05 (ജനുവരി 31 വരെ) ഉള്ള ചെലവും 2005-06-ലെ ബഡ്ജറ്റ് വിഹിതവും അനുബന്ധമായി കൊടുത്തിരിക്കുന്നു. †

സ്വകാര്യ ഹോട്ടൽ കമ്പനിക്ക് കൈമാറിയ പാർക്കുകൾ

*8 [516] ശ്രീ. എം. എ. കുട്ടപ്പൻ:

„ വർക്കല കഹാർ:

„ ഇ. എം. അഗസ്തി:

„ പി. കെ. ജോയി:

„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പാർക്കുകളുണ്ട്; ഇവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ബി) ഇതിൽ ഏതെങ്കിലും പാർക്കുകൾ സ്വകാര്യ ഹോട്ടൽ കമ്പനികൾക്ക് കൈമാറിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പാർക്കുകൾ;

(ഡി) എന്തെല്ലാം വ്യവസ്ഥയിലാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 25 പാർക്കുകൾ ഉണ്ട്. ഇവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിക്കുവാൻ 59 തോട്ടക്കാരെ നിയമിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഉണ്ട്.

(സി) വെള്ളയമ്പലം അയ്യൻകാളി പാർക്ക്, തമ്പാനൂർ പൊന്നറ ശ്രീധർ പാർക്ക് എന്നിവ ആർ. ആർ. ഹോളിഡേ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

---

† അനുബന്ധം II

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[18-3-2005-ലെ *7 (515)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

പട്ടിക

പത്താം പദ്ധതിയിൽ തൊഴിൽദായക മേഖലകളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും (രൂപ കോടിയിൽ)

ക്രമ നമ്പർ	മേഖല	2002-03		2003-04		2004-05		2005-06
		ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
1	കൃഷിയും അനുബന്ധ മേഖലകളും	319.28	247.93	207.14	174.94	195.80	104.68	214.30
2	ഗ്രാമചെറുകിട വ്യവസായം	73.64	74.33	68.73	60.78	72.86	49.82	77.18
3	വിനോദസഞ്ചാരം	80.00	63.81	74.25	60.08	74.25	43.39	74.25
4	ഇൻഫർമേഷൻ ടെക്നോളജി	30.00	31.84	31.60	11.62	78.75	27.69	43.50
5	കുടുംബശ്രീ	18.00	52.40	18.50	27.55	27.50	13.75	60.00

അനുബന്ധം III

[18-3-2005-ലെ *8 (516)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

(എ) (1) തലസ്ഥാന നഗരിയിലെ പ്രധാന പാർക്കായ ഗാന്ധി പാർക്കിന്റെ സംരക്ഷണത്തിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ നഗരസഭാമേയർ ചെയർമാനായി "ഗാന്ധിപാർക്ക് സംരക്ഷണ സമിതി" രൂപീകരിച്ച് പാർക്ക് സംരക്ഷിച്ചു വരുന്നു.

(2) ചില പാർക്കുകളുടെ സംരക്ഷണം സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്.

(3) പാർക്കുകളുടെ സംരക്ഷണത്തിനായി തിരുവനന്തപുരം നഗരസഭയുടെ 2004-2005-ലെ ബഡ്ജറ്റിൽ 9 ലക്ഷം രൂപയും 2005-2006-ലെ ബഡ്ജറ്റിൽ 11 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ട്. 2004-2005 സാമ്പത്തിക വർഷം കേരള വികസന പദ്ധതിയിൽപ്പെടുത്തി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതനുസരിച്ചുള്ള പ്രവർത്തികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly